# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - T 3249** 11.12.2014- ൽ മറുപടിക്ക്

**<u>കോഴിക്കോട് - ബാലുശ്ശേരി സംസ്ഥാനപാതയ്ക്ക് അന്താരാഷ്ട്ര നിലവാരം</u>**

| **<u>ചോദ്യം</u>**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **<u>മറുപടി</u>**<br>**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
|---|---|
| (എ) കോഴിക്കോട് - ബാലുശ്ശേരി സംസ്ഥാന പാത അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി വികസിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത റോഡ് ഉൾപ്പെടുന്ന റീഹാബിലിറ്റേഷൻ പാക്കേജുകൾ ബി.ഒ.റ്റി/ ആന്യുറ്റി രീതിയിൽ കരാർ കൊടുത്ത് വികസിപ്പിക്കുന്നതിനുള്ള ടെൻഡറുകൾ ക്ഷണിച്ചപ്പോൾ ലഭിച്ച ഓഫറുകളിൽ, കരാറുകാർ ക്വാട്ട് ചെയ്ത ആന്യുറ്റി തുക വളരെ കൂടുതലായതിനാൽ, റീഹാബിലിറ്റേഷൻ പാക്കേജ് പുനക്രമീകരിച്ച് രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഈ സംസ്ഥാനപാത കിനാലൂർ വ്യവസായ വളർച്ചാകേന്ദ്രം വരെ (4 കി.മി ദൂരം) നീട്ടുന്നത് സംബന്ധിച്ച് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; | (സി) ഇല്ല |
| (ഡി) ഇക്കാര്യം പരിഗണനയിലുണ്ടോ ? | (ഡി) പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ